പശ്ചാത്തലത്തിൽ 4,608 ബാരൽ ലാറ്റക്സ് വിലയ്ക്ക് വിൽക്കാൻ കോർപ്പറേഷന് കഴിഞ്ഞു. അതിനുശേഷം 4-7-2005 മുതൽ 8-7-2005 വരെ മേൽപ്പടി വിലയ്ക്ക് 1,764 ബാരൽ ലാറ്റക്സ് വിൽപ്പന നടത്തിയിട്ടുണ്ട്. 15-7-2005 മുതൽ ലിറ്ററിന് 39 രൂപ നിരക്കിൽ വിൽപ്പന തുടരുകയാണ്. ഇതുമൂലം കോർപ്പറേഷന് നഷ്ടമൊന്നും ഉണ്ടായിട്ടില്ല.

## (7) ഉറുമി ജല വൈദ്യുത ഡാമിന് ഉണ്ടായ സുരക്ഷിതത്വ ഭീഷണി

*ശ്രീ. സി. മോയിൻകുട്ടി*: സർ, മലബാറിലെ വൈദ്യുതിക്ഷാമവും വോൾട്ടേജ് ക്ഷാമവും ഒക്കെ ഗൗരവമായി കണക്കിലെടുത്തുകൊണ്ടാണ് ഉറുമി ജലവൈദ്യുത പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചത്. 50 കോടിയോളം രൂപ മുതൽ മുടക്കിയിട്ടുള്ള ഈ പദ്ധതി താരതമ്യേന വളരെ ചെലവ് കുറഞ്ഞതും സമയബന്ധിതമായി കമ്മീഷൻ ചെയ്യാൻ സാധിച്ചിട്ടുള്ളതുമാണ്. എന്നാൽ കോടികൾ മുടക്കിയിട്ടുള്ള ഈ പദ്ധതിയിൽ പല ആശങ്കകളും നിലനിൽക്കുകയാണ്. മാസങ്ങൾക്കുമുൻപ് തന്നെ ഡാമിനോട് ചേർന്നിട്ടുള്ള സംരക്ഷണഭിത്തി തകരുകയും പവർഹൗസിലേക്ക് വെള്ളം അടിച്ചു കയറി യന്ത്രസാമഗ്രികൾക്ക് കേടുണ്ടാവുകയും ചെയ്തതിലൂടെ അതിന്റെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം താൽപ്പര്യം എടുത്തുകൊണ്ട് സ്ഥലം സന്ദർശിക്കുകയും ഈ പദ്ധതിയുമായി ബന്ധപ്പെട്ട പല പ്രശ്നങ്ങൾക്കും പരിഹാരം ഉണ്ടാക്കുകയും ഉദ്യോഗസ്ഥൻമാരുടെ പേരിൽ നടപടി സ്വീകരിക്കുകയും അതോടൊപ്പം തന്നെ അറ്റകുറ്റ പണികൾ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ളതുമാണ്. എന്നാൽ ഉറുമി പദ്ധതിക്ക് സമീപം പവർഹൗസിനോട് ചേർന്ന്, ഡാമിനോട് ചേർന്ന്, വിയറിനോട് ചേർന്ന് വിള്ളലുണ്ടാവുകയും മണ്ണും ചെളിയും അതുപോലെ കാട്ടുകല്ലുകളും ഒക്കെ ഒലിച്ചുവന്ന് പല വിധത്തിലുള്ള ഭീഷണിയും ഉയർന്നുവന്നിട്ടുണ്ട്. അവിടത്തെ പവർ ഹൗസിന്റെ മുറ്റത്തുവരെ വെള്ളം നിൽക്കുകയാണ്. പിൻഭാഗത്തും അതുപോലെ മണൽതിട്ടകൾ ഇടിഞ്ഞുകൊണ്ടിരിക്കുകയാണ്. ഭീതിജനകമായ ഒരു അവസ്ഥയാണ്. മാതൃഭൂമി പത്രത്തിൽ ഇത് സംബന്ധിച്ച് മുഖപ്രസംഗം എഴുതിയിട്ടുള്ളതാണ്. അവിടത്തെ ജനങ്ങളുടെ ഭയാശങ്കകൾ നീക്കി പവർ ഹൗസിന്റെ സുരക്ഷിതമായ പ്രവർത്തനം ഉറപ്പുവരുത്തി സമീപപ്രദേശത്ത് ഉള്ള ആളുകളുടെ ആശങ്കകൾ അകറ്റാൻ, അടിയന്തിരമായി ഈ വിഷയത്തിൽ ഇടപെട്ടുകൊണ്ട്, അറ്റകുറ്റപണികൾ പൂർത്തീകരിച്ചുകൊണ്ട്, പ്രവർത്തനം കൂടുതൽ ഊർജ്ജസ്വലമാക്കാനും സമയബന്ധിതമായി അറ്റകുറ്റ പണികൾ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഊർജ്ജ വകുപ്പുമന്ത്രി *(ശ്രീ. ആര്യാടൻ മുഹമ്മദ്)*: സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച കാര്യം വളരെ ശരിയാണ്. അദ്ദേഹം രണ്ടു കാര്യം പറഞ്ഞു. ഒന്ന് പവർ ഹൗസിൽ നേരത്തെ ഉണ്ടായ കാര്യം. അത് റീടെയിനിംഗ് വാൾ പൊട്ടിയതുകൊണ്ടായിരുന്നു. ഏതായാലും അത് റിപ്പയർ ചെയ്തു വരുകയാണ്. അതേയവസരത്തിൽ ഇപ്പോൾ 13-7-2005-ൽ ഉണ്ടായ സംഭവം പൊയ്ലിംഗപ്പുഴയിൽ അതിശക്തിയായ മഴയുണ്ടായതിന്റെ ഫലമായി വെള്ളം കൂടി വന്നു. ആ വെള്ളം കൂടി വന്നപ്പോൾ ഏകദേശം രണ്ടര മീറ്റർ ഉയരത്തിൽ തടയണയുടെ മുകളിൽ വെള്ളം വന്നു. ആ വെള്ളം വന്നതിന്റെ ഫലമായി 10 മീറ്റർ പൊക്കത്തിലുള്ള കരിങ്കൽ സംരക്ഷണഭിത്തി പൊട്ടിപ്പോയി. അതാണ് ചൈനീസ് ഡിസൈൻ അനുസരിച്ച് നടത്തിയ ഡ്രൈ പാക്കിംഗ്. അടിഭാഗത്ത് ഒന്നുരണ്ടു വർഷംകൊണ്ട് മണ്ണ് ഉറച്ചുവരും. അത് ഉറയ്ക്കാത്തതുകൊണ്ട് സംഭവിച്ചതാണ്. അതിന്റെ അടിഭാഗത്ത് ഒരു കോൺക്രീറ്റ് വേണ്ടതായിരുന്നു. അടിഭാഗത്തുള്ള മണ്ണുറയ്ക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. മണ്ണുറയ്ക്കുന്നതിന് രണ്ടുവർഷമെങ്കിലും വേണ്ടിവരുമെന്നാണ് പറയുന്നത്. വാസ്തവത്തിൽ അത് കുഴപ്പമുള്ള ഡിസൈൻ അല്ല. ഇതേ ഡിസൈനിൽ തന്നെയാണ് ബാക്കിയുള്ള സ്ഥലത്തും ഉപയോഗിച്ചത്. 20 മീറ്റർ നീളത്തിലാണ് പൊട്ടിപ്പോയിട്ടുള്ളത്. അത് അടിയന്തിരമായി റിപ്പയർ ചെയ്യാനുള്ള നടപടികൾ എടുക്കുന്നുണ്ട്. അതിന്റെ ഫലമായി വലിയ ഗുരുതരമായ അവസ്ഥ ഉണ്ടാകില്ല എന്നാണ് ബോർഡിൽ നിന്നും റിപ്പോർട്ട് ചെയ്തിട്ടുള്ളത്. കുഴപ്പം ഉണ്ടാകുമെന്ന് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുകൊണ്ട് വീണ്ടും അവിടെ പരിശോധിക്കാനുള്ള എല്ലാ നടപടികളും കൈക്കൊള്ളാൻ ബോർഡിന് നിർദ്ദേശം നൽകും. ഈ കാര്യം കോഴിക്കോട് മെമ്പർമാരായ ശ്രീ. ടി. പി. രാമകൃഷ്ണൻ, ശ്രീ. പി. കെ. കെ. ബാവ, ശ്രീ. സുജനപാൽ എന്നിവർ എനിക്ക് എഴുതി തന്നിട്ടുണ്ട്. ഇത് വളരെ ഗുരുതരമായ കാര്യമാണ് എന്നുള്ളതുകൊണ്ടാണ് മെമ്പർമാർ എന്നോട് സംസാരിച്ചത് എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതുകൊണ്ട് പെട്ടെന്ന് ചെയ്യാൻവേണ്ട എല്ലാ നടപടികളും കൈക്കൊള്ളുന്നതിന് ഞാൻ ബോർഡിന് നിർദ്ദേശം കൊടുക്കുന്നതാണ്.

## (8) ശാസ്താംകോട്ട കെ. എസ്. ആർ. ടി. സി. ഡിപ്പോയുടെ പ്രവർത്തനം

*ശ്രീ. കോവൂർ കുഞ്ഞുമോൻ* : സർ, ഈ വിഷയം കഴിഞ്ഞ രണ്ടു നിയമസഭാ സമ്മേളനത്തിലും ഞാൻ അവതരിപ്പിച്ചു. അനുഭാവപൂർവ്വമായ ഒരു തീരുമാനം ഇതേവരെ ഉണ്ടാകാത്തതുകൊണ്ടാണ് വീണ്ടും വളരെ ഗൗരവത്തോടുകൂടി ഈ വിഷയം ബഹുമാനപ്പെട്ട മന്ത്രിയുടെ മുമ്പാകെ അവതരിപ്പിക്കുന്നത്. കുന്നത്തൂർ